DESPATCHED
On... 11/06/2020
8/5/20

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 1478(7)/2013**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം. *9979/എസ്.ഐ.സി-ജി 6/13*

സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.ജോസ് മോൻ.ടി.ജെ
തൈപ്പറമ്പിൽ വീട്, പി.ബി നമ്പർ-2001
ചിലവന്നൂർ, കടവന്ത്ര പി.ഒ, കൊച്ചി-682 020
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ
സിറ്റി റേഷനിംഗ് ഓഫീസർ
സിറ്റി റേഷനിംഗ് ഓഫീസ്
എറണാകുളം

2. അപ്പീൽ അധികാരി ആന്റ്
സിറ്റി റേഷനിംഗ് ആഫീസർ( ഇൻ ചാർജ്)
സിറ്റി റേഷനിംഗ് ഓഫീസ് ,
എറണാകുളം

} എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ നൽകിയ മറുപടിയിൽ രേഖകളുടെ പകർപ്പ് ലഭ്യമല്ലെന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.



res

2. എസ്.പി.ഐ.ഒ. സമർപ്പിച്ച റിപ്പോർട്ടിന്മേൽ അഭിപ്രായം തേടുന്നതിനായി കമ്മീഷൻ 07.02.2020-ന് എറണാകുളം കളക്റ്ററേറ്റിൽ വച്ചു നടത്തിയ വീഡീയോ കോൺഫറൻസിൽ ഹാജരാകുവാൻ ഇരുകക്ഷികൾക്കും നോട്ടീസ് നൽകുകയും എസ്.പി.ഐ.ഒ ഹാജരാകുകയും അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തു. ആയതിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ടത് 20 വർഷം മുമ്പുള്ള, 1970 മുതൽ 1985 വരെയുള്ള കാലത്തെ തൈപ്പറമ്പിൽ ത്രേസ്യ ജോസഫിന്റെ റേഷൻകാർഡിന്റെ പകർപ്പോ അതിലുള്ള വിശദാംശങ്ങളോ ആണെന്നും വ്യക്തിഗത വിവരങ്ങൾ ടി ഓഫീസിൽ ലഭ്യമല്ലെന്നും, റേഷൻ കാർഡ് പുതുക്കി പുതിയ കാർഡ് നൽകുന്ന വേളയിൽ പഴയ കാർഡിൽ ക്യാൻസൽഡ് എന്ന സീൽ പതിപ്പിച്ച് കാർഡ് ഉടമയ്ക്ക് തന്നെ തിരിച്ചു നൽകുമായിരുന്നുവെന്നും, അപേക്ഷൻ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ അടങ്ങുന്ന രേഖകൾ ടി ഓഫീസിൽ കണ്ടെത്താൻ സാധിച്ചില്ലെന്നുമാണ്.

3. അപ്പീൽ ഹർജിയും, എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടവ സൂക്ഷിച്ചു വച്ചിട്ടുള്ള രേഖകളല്ലാത്തതിനാൽ നൽകാൻ സാധിച്ചില്ല എന്നുള്ള എസ്.പി.ഐ.ഒ യുടെ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് ടി അപ്പീൽ ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഇന്നേദിവസം 2020 മേയ് 08-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM



res